Cir. No: GE114/2014

# هيئة التعليم السنية بعموم كيرلا

# SAMASTHA KERALA SUNNI VIDYABHYASA BOARD

SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6
PH: 0495 - 2772840,41, 42, 43, 44, Email: sksvb@ymail.com, Web: samastha.in

(പരീക്ഷാ വിഭാഗം)

**മദ്റസാ മാനേജിംഗ് കമ്മിറ്റി,സ്വദർ മുഅല്ലിം,റെയിഞ്ച് ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്**

## പൊതുപരീക്ഷ - 2015 ജൂൺ

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് അംഗീകരിച്ച മദ്റസകളിലെ **V, VII, X. +2** ക്ലാസുകളിലെ പൊതുപരീക്ഷ 2015 ജൂൺ 6,7 (ശനി, ഞായർ) തിയ്യതികളിൽ താഴെ ചേർത്ത ടൈംടേബിൾ പ്രകാരം നടത്തുന്നതാണ്.

### പരീക്ഷാ ടൈംടേബിൾ

| തിയ്യതി | സമയം | V | VII | X | +2 |
|---|---|---|---|---|---|
| 06-06-2015 ശനി | 08.00 am to 10.00 am | الفقه | دروس العقائد | تزكية الولدان | – |
| 06-06-2015 ശനി | 11.00 am to 01.00 pm | الأخلاق والتجويد | الفقه الإسلامى | – | – |
| 07-06-2015 ഞായർ | 08.00 am to 10.00 am | العقائد | تاريخ الإسلام | الفقه الإسلامى | الإسلامية |
| 07-06-2015 ഞായർ | 11.00 am to 01.00 PM | التاريخ | تزكية الولدان | تاريخ الإسلام | الفقه الإسلامى |

പൊതു പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നതിനായി **V, VII, X, +2** ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും പേരുവിവരം നിശ്ചിത ഫോറങ്ങളിൽ പൂരിപ്പിച്ച് ക്ലാസ് മുഅല്ലിം (ഡിവിഷനുകളുണ്ടെങ്കിൽ എല്ലാ ഡിവിഷനുകളിലെയും മുഅല്ലിംകൾ), സ്വദർ മുഅല്ലിം, സെക്രട്ടറി/മാനേജർ എന്നിവർ പേരെഴുതി ഒപ്പു വെച്ച് ഓരോ കുട്ടിക്കും 80 രൂപ ഫീസോടു കൂടി 2015 ജനുവരി 10 നു മുമ്പായി റെയിഞ്ച് പരീക്ഷാ ബോർഡ് കൺട്രോളറെ ഏൽപ്പിക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്ക് ശേഷം ഒരു കുട്ടിക്ക് 100 രൂപ വീതം അടക്കേണ്ടതാണ്. പോസ്റ്റൽ വഴി അയക്കുന്നവർ പരീക്ഷാ ഫീസ് **Samastha Kerala Sunni Vidyabhyasa Board A/c No: 85242010000206 Bank of India, Mavoor Road Branch Calicut. IFSC Code: BKID0008524.** എന്ന എക്കൗണ്ട് നമ്പറിൽ ബാങ്കിൽ നിക്ഷേപിക്കുകകയോ ഡി.ഡി./മണിഓർഡർ വഴി അയക്കുകയോ ചെയ്യേണ്ടതും പണം അടച്ച റസീപ്റ്റിന്റെ കോപ്പി ഫോറത്തിന്റെ കൂടെ വെക്കേണ്ടതുമാണ്. ചെക്കുകൾ സ്വീകരിക്കുന്നതല്ല.

റെയിഞ്ചു മുഖേന അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ആൺകുട്ടികളുടെ പേരെല്ലാം എഴുതിയ ശേഷം പെൺ കുട്ടികളുടെ പേർ ചുവന്ന മഷിയിൽ എഴുതിയിരിക്കണം. ഹനഫീ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അവരുടെ പേരിനു നേരെ റിമാർക്സ് കോളത്തിൽ ചുവപ്പ് മഷിയിൽ പ്രത്യേകം രേഖപ്പെടുത്തണം. **അപേക്ഷാ ഫോറത്തിൽ കുട്ടിയുടെ പേര്, പിതാവിന്റെ പേര് എന്നിവ ഇംഗ്ലീഷി ലും (വലിയ അക്ഷരത്തിൽ) അറബിയിലും (ഹറകത്ത് സഹിതം) വ്യക്തമായി എഴുതേണ്ടതാണ്. അപേക്ഷാ ഫോറത്തിൽ ഓരോ കുട്ടിയുടെയും വിവരം ഇംഗ്ലീഷിലും അറബിയിലും ചേർക്കാൻ രണ്ടു കോളങ്ങളുണ്ട്.** അപേക്ഷ അയച്ച ശേഷം യാതൊരു ഭേദഗതിയും അനുവദിക്കുന്നതല്ല.

10ൽ കുറഞ്ഞ അപേക്ഷകരുള്ള മദ്റസ സെന്ററായി അനുവദിക്കണമെങ്കിൽ ഫീസായി 400 രൂപ അടക്കണം. അല്ലാത്തപക്ഷം സെന്ററായി ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേരും സ്ഥലവും അംഗീകരണ നമ്പറും ഫോറത്തിൽ താഴ്ഭാഗത്ത് ചുവപ്പു മഷിയിൽ രേഖപ്പെടുത്തുകയും പ്രസ്തുത സ്ഥാപനത്തിലെ സ്വദ്ർ മുഅല്ലിമിന്റെ സമ്മത പത്രം കൂടെ വെക്കേണ്ടതുമാണ്.

മുഴുവൻ പരീക്ഷാർത്ഥികളും വിജയിച്ചതിന് ബോർഡ് നൽകുന്ന അഭിനന്ദന പത്രം ലഭിക്കണമെങ്കിൽ അഞ്ച്, ഏഴ് ക്ലാസുകളിൽ ചുരുങ്ങിയത് അഞ്ച് വീതവും പത്ത്, +2 ക്ലാസുകളിൽ മൂന്നു വീതവും കുട്ടികൾ പരീക്ഷ എഴുതി എല്ലാവരും വിജയിക്കേണ്ടതാണ്. ഫീസടച്ച ശേഷം പരീക്ഷക്കു മുമ്പായി ഏതെങ്കിലും കുട്ടി മദ്റസയിൽ നിന്ന് വിട്ടു പോയാൽ പ്രസ്തുത വിവരം 2015 മാർച്ച് 31നു മുമ്പായി രേഖാ മൂലം ഓഫീസിൽ ലഭിച്ചിരിക്കണം. എങ്കിൽ മാത്രമേ (മറ്റു കുട്ടികൾ വിജയിച്ചാൽ) അഭിനന്ദന പത്രം ലഭിക്കാൻ അർഹത ഉണ്ടാവുകയുള്ളൂ.

പൊതു പരീക്ഷാ സംബന്ധമായ എല്ലാ എഴുത്തിടപാടുകളും താഴെ കാണിച്ച വിലാസത്തിൽ മാത്രമായിരിക്കേണ്ടതാണ്. കാര്യക്ഷമമായ പരീക്ഷാ നടത്തിപ്പിന് പ്രസ്തുത നിർദ്ദേശങ്ങൾ പുർണ്ണമായും പാലിക്കണമെന്നഭ്യർത്ഥിക്കുന്നു.

ചെയർമാൻ (പരീക്ഷാ വിഭാഗം)
സുന്നി വിദ്യാഭ്യാസ ബോർഡ്, സമസ്ത സെന്റർ,
മർകസ് കോംപ്ലക്സ് റോഡ് കോഴിക്കോട് - 673006

കോഴിക്കോട്
01-11-2014